## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7969 16.7.2014- ലെ മറുപടിക്ക്

## കൈത്തറി ഉൽപ്പന്നങ്ങളുടെ ടേണോവർ ടാക്സ് ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ കൈത്തറി തുണികൾക്കോ കൈത്തറി വസ്ത്രങ്ങൾക്കോ ടേൺ ഓവർ ടാക്സ് ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ)<br>(ബി) | 2014-15 വർഷത്തെ ബജറ്റ് ഖണ്ഡിക 343 പ്രകാരം ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ 2 ശതമാനം ടേണോവർ ടാക്സ് ചുമത്തുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഒരു കോടി രൂപയ്ക്ക് മേൽ തുണിത്തരങ്ങളിൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് 2 ശതമാനം വിറ്റുവരവ് നികുതി (ടേണോവർ ടാക്സ്) ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് 6 എ എന്ന വകുപ്പ് കേരള ധനകാര്യ ബിൽ 2014-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽ നിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്. |
| (സി) നിവേദനങ്ങളുടെയടിസ്ഥാനത്തിലും പരമ്പരാഗത കൈത്തറിമേഖലയിലെ പ്രതിസന്ധികൾ പരിഗണിച്ചും ടേൺ ഓവർ ടാക്സ് ചുമത്തുവാനുള്ള തീരുമാനം പിൻവലിക്കുമോ ? | (സി) | കൈത്തറി തുണിത്തരങ്ങൾക്ക് ടേൺ ഓവർ ടാക്സ് പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ